Hi Tech Spinning Mill, UEI-യുടെ LCD Meter Unit). മറ്റ് ഏഴ് യൂണിറ്റുകൾ ഈ മാസം തന്നെ നിർദ്ദിഷ്ട തീയതികളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ യൂണിറ്റുകളുടെ വിശദവിവരം അനുബന്ധം -1 ആയി ചേർക്കുന്നു.* മേൽപ്പറഞ്ഞവ കൂടാതെ അനുബന്ധം-2 ആയി ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിപുലീകരണ പദ്ധതികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) മേൽപ്പറഞ്ഞ പുതിയതായി ആരംഭിച്ച യൂണിറ്റുകളിലേക്കും വിപുലീകരണ പദ്ധതികളിലേക്കുമായി നേരിട്ട് 1919 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും.

കേരള വാണിജ്യ മിഷൻ

189(696) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കേരള വാണിജ്യ മിഷൻ എന്ന പേരിൽ ആരംഭിച്ച പുതിയ സംരംഭത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത മിഷനിലൂടെ വാണിജ്യവികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി താഴെപ്പറയുന്ന മേളകൾ വർഷം തോറും നടത്തിവരുന്നു.

ടെക്സ് ഫെയർ കേരള : ചെറുകിട പരമ്പരാഗത തുണിത്തരങ്ങളുടെ പ്രദർശന വിപണന മേളയായ 'ടെക്സ് ഫെയർ കേരള' പ്രദർശനം എല്ലാ വർഷവും കണ്ണൂരിൽ വച്ച് നടത്തുന്നു.

മലപ്പുറം ക്രാഫ്റ്റ്സ് മേള : കരകൗശല വസ്തുക്കളുടെ പ്രദർശന വിപണനമേള വർഷം തോറും മലപ്പുറം ക്രാഫ്റ്റ്സ് മേളയായി മലപ്പുറത്ത് നടത്തി വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് ഭക്ഷ്യമേളയും നടത്തുന്നുണ്ട്.

ബാംബു ഫെസ്റ്റ് : ഏറണാകുളത്തു വച്ച് ബാംബു ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേളയായ ബാംബു ഫെസ്റ്റ് വർഷം തോറും നടത്തി വരുന്നുണ്ട്.

ബേപ്പൂർ ഫെസ്റ്റ് : ചെറുകിട വ്യവസായ യൂണിറ്റുകളുടെയും കരകൗശല ഉൽപ്പന്നങ്ങളുടെയും പ്രചരണത്തിനും വിപണനത്തിനുമായി കേരള ബെയ്പൂർ ഫെസ്റ്റ് നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഐ.ഐ.റ്റി.എഫ്.ഡൽഹി : ഡൽഹിയിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര ഫെയറിൽ വർഷം തോറും സംസ്ഥാനത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുകയും അതിലൂടെ ചെറുകിട പരമ്പരാഗത വ്യവസായ സംരംഭകരെ പങ്കെടുപ്പിക്കുകയും അഖിലേന്ത്യാ തലത്തിൽ കേരളീയ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും ആഭിമുഖ്യത്തിൽ ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) കേരള വാണിജ്യ മിഷൻ എന്ന പേരിൽ പുതിയ സംരംഭം സർക്കാർ ആരംഭിച്ചിട്ടില്ല.

(സി&ഡി) (ബി) വിഭാഗം മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച സ്കൈ സിറ്റി പദ്ധതി

190(897) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച സ്കൈ സിറ്റി പദ്ധതിക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തു തീരുമാനമാണ് കൈക്കൊണ്ടിരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് അനുമതി നൽകേണ്ടതില്ല എന്ന് തീരദേശപരിപാലന അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് തീരദേശപരിപാലന അതോറിറ്റിയിൽ നിന്നും സംസ്ഥാന സർക്കാരിന് എന്തെങ്കിലും ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടുണ്ടോ :

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ പദ്ധതിക്ക് ഏതൊക്കെ സർക്കാർ ഏജൻസികളുടെ അനുമതിയാണ് ഇതുവരെ നൽകിയിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതിക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

(ബി) ഈ പദ്ധതിക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ശിപാർശയിന്മേൽ അനുമതി നൽകേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ്. കേരള തീരദേശ പരിപാലന അതോറിറ്റി ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. സി.ആർ.ഇസഡ്. അനുമതി നൽകുന്നതു സംബന്ധിച്ചുള്ള നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ 3-2-2011-ൽ പദ്ധതി പ്രയോക്താവിനെ അറിയിക്കുകയും വിശദീകരണം തേടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly